പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1450

14/12/2012 - ൽ മറുപടിയ്ക്ക്

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ. കെ. അജിത് | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കി.മീ. ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു; ഇതിനായി എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു ; വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മുടങ്ങിക്കിടന്ന 327 റോഡുകൾ 2010 ലെ എസ്.ഒ.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അധിക സാമ്പത്തിക ബാദ്ധ്യത സംസ്ഥാന സർക്കാർ വഹിച്ചു പണി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു. ഇതിൽ 103 റോഡുകളുടെ നിർമ്മാണം ആരംഭിച്ചു. ശേഷിക്കുന്നവയിൽ 218 റോഡുകൾ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിച്ചു പണി ചെയ്യുവാനുള്ള നടപടി സ്വീകരിച്ചപ്പോൾ 80 റോഡുകൾക്കുള്ള ക്വട്ടേഷൻ ലഭിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. ഇപ്പോൾ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം 720 കി.മീ റോഡുകളുടെ പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ, ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 137 കി.മി ദൈർഘ്യം വരുന്ന റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്ന പഞ്ചായത്തുകളിൽ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിന് 60 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ അധികമായി ഏറ്റെടുക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. ഇടുക്കി പാക്കേജ് പ്രകാരമുള്ള റോഡുകൾക്കും എൻഡോസൾഫാൻ പാക്കേജിലെ റോഡുകൾക്കും ഫേസ് എട്ടിൽ അനുവദിച്ച റോഡുകൾക്ക് പുറമെ അധികമായി അനുമതി നൽകുന്നതിന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.<br>പുതിയ പ്രവർത്തികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 200 കോടി രൂപ ഗ്രാമീണ റോഡ് വികസനത്തിനായുള്ള കേന്ദ്ര സഹായമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) ഈ പദ്ധതി പ്രകാരം കോട്ടയം ജില്ലയിലെ ഓരോ നിയോജക മണ്ഡലങ്ങളിലും എത്ര തുക വീതം ചെലവഴിച്ചു; ഇതുവഴി ഒരോ നിയോജകമണ്ഡലങ്ങളിലും എത്ര കി.മി. റോഡുകൾ വീതം പുനരുദ്ധരിക്കുവാൻ സാധിച്ചു വ്യക്തമാക്കുമോ ; | (ബി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കോട്ടയം ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലും ചെലവഴിച്ച തുകയും പുനരുദ്ധാരണം നടത്തിയ റോഡുകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള മാനദണ്ഡം എന്താണ് ; വെളിപ്പെടുത്തുമോ? | (സി) | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പുനരുദ്ധാരണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. |

1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾ ക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മീ.. ആയി നിജപ്പെടുത്തിയിട്ടുണ്ട്.
2. പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാനരേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്‌വർക്കിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കണം (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)
3. കൂടുതൽ ആളുകൾക്ക് / ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.
4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർ ഷിക്കുന്ന വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേ ണ്ടതാണ്.
5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നിയോജക മണ്ഡലം | ചെലവഴിച്ച തുക (രൂപയിൽ) | പുനരുദ്ധാരണം നടത്തിയ റോഡുകളുടെ നീളം |
|---|---|---|
| കാഞ്ഞിരപ്പള്ളി | 1,10,71,167.00 | 4.37 കിലോമീറ്റർ |
| കടുത്തുരുത്തി | 4,96,99,154.00 | 17.371 കിലോമീറ്റർ |
| പാലാ | 98,59,076.00 | 2.5 കിലോമീറ്റർ |
| ചങ്ങനാശ്ശേരി | 5,44,13,108.00 | 3.39 കിലോമീറ്റർ |
| പുതുപ്പള്ളി | 96,66,328.00 | 1.46 കിലോമീറ്റർ |

സെക്ഷൻ ഓഫീസർ